# Week -5

# Weekly Devotion - October 2016

## Sermon Walking ( സഞ്ചരിക്കുന്ന സുവിശേഷം)




1952 ലെ നോബൽ സമ്മാന ജേതാവായ ഡോ: ആൽബർട്ട് ഷെയിറ്റ്സറിന് ചിക്കാഗോ റയിൽവേ സ്റ്റേഷനിൽ ഒരു ഗംഭീര സ്വീകരണം സംഘടിപ്പിക്കുവാൻ പട്ട ണത്തിലെ ഉദ്യോഗസ്ഥരും. റിപ്പോർട്ടറന്മാരും തയാറായി എത്തി ട്രെയിൻ സ്റ്റേഷ നിൽ നിർത്തിയപ്പോൾ അതികായകനായ ആ ജേതാവിന്റെ അടുക്കലേക്ക് ആളു കൾ ഓടികൂടി. വളരെ വിനയാന്വിതനായി നന്ദി പറഞ്ഞ അദ്ദേഹത്തിന്റെ കണ്ണുകൾ അവരുടെ എല്ലാം തലയ്ക്ക് മുകളിൽ കറുത്ത വർഗ്ഗക്കാരിയായ ഒരു വൃദ്ധമാതാ വിന്റെ അടുത്തെത്തി. തന്റെ വലിയ രണ്ട് പെട്ടികൾ ഇറക്കാൻ ഭാരപ്പെടുന്ന മാതാ വിനെ സഹായിക്കുക മാത്രമല്ല ചെയ്തത് അവർക്ക് പോകേണ്ട ബസ്സിൽ കയറ്റി ഇരുത്തി അവർക്ക് മംഗള യാത്ര ആശംസിക്കുകയും ചെയ്തു. ഷെയ്റ്റ്സറിന്റെ മടങ്ങി വരവും, തന്നെ കാത്തുനിന്നവരോടുള്ള ക്ഷമായാചനയും വളരെ വേഗ ത്തിലും വിനയത്തോടുമായിരുന്നു. ഇതെല്ലാം വീക്ഷിച്ച് നിന്ന ഒരുവന്റെ വാക്ക് ശ്രദ്ധേയമാണ്.

" That's the first time, I ever saw a sermon walking". ഇതാണ് യഥാർത്ഥ സുവിശേഷം ഇന്ന് മുറിവേറ്റവരെ കാണാതെ പോകുകയോ, ഫോട്ടോ എടുത്ത് പരസ്യമാക്കുന്നവരെയോ, മോഷണക്കാരെയോ ഒക്കെയാണ് നാം കാണുന്നത്. സുവിശേഷം സൗജന്യമാണ്. അവൻ സകലതും സൗജന്യമായി തന്നു, സൗജന്യമായി പ്രവർത്തിച്ചു. മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുമ്പോൾ ചെയ്യാതിരിക്കരുത് എന്ന് വചനം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ വാക്കുകൾ പൂർണ്ണമായി അനുസരിക്കുന്നവനാണ് യഥാർത്ഥ സുവിശേഷകൻ, സത്യസുവിശേഷം ഉള്ളിലുള്ളവന് പാടുവാൻ പുതിയ പാട്ടും, കുടിക്കുവാൻ ജീവജലവും, ഭക്ഷിപ്പാൻ ജീവമന്നയും ഉണ്ട്, കൂടാതെ സത്യസുവിശേഷം ഉള്ളിലുള്ളവന് വഴിയിൽ ഒരു സഹായിയായി ദൈവം തന്റെ ദൂതനെ അയയ്ക്കുകയും ചെയ്യും.




ഇന്ന് സത്യസുവിശേഷം ഹൃദയത്തിലുള്ളവരേക്കാൾ, കൂടുതൽ പേര് വ്യാജസുവിശേഷം ഉള്ളിൽ സ്വീകരിച്ചവരാണ്. വ്യാജസുവിശേഷവും, ദുഷ്ടന്റെ പ്രവർത്തിയും വർദ്ധിക്കുന്ന ഒരു കാലയളവാണ് ഇത്. ഗലാ : (1:6-10) വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷം മറിച്ചു കളയുന്ന വ്യാജന്മാരെപ്പറ്റി പറയുന്നുണ്ട്. പ്രായമുള്ളവരെ ബഹുമാനിക്കുന്നതുപോലെ മറ്റുള്ളവരുടെ വിഷമതകൾ ഓർത്ത് അവരെ പ്രാർത്ഥനയിൽ ഓർക്കുന്നതും വചനാനുസൃതമാണ്.

ദമസ്കോസിന്റെ പടിവാതിൽക്കലെ ദർശനത്തിൽ വച്ച് യേശുവുമായി ആരംഭിച്ച ബന്ധം ജീവിതാവസാനം വരെ പൗലോസ് സൂക്ഷിച്ചു. ക്രിസ്ത്യനികളായ സകലർക്കും മാതൃകയായി സുവിശേഷ വേലയ്ക്കാവശ്യമായ കാര്യങ്ങൾ വാമൊഴിയായും വരമൊഴിയായും നമുക്ക് നൽകുക മാത്രമല്ല യഥാർത്ഥ മാതൃകയായിത്തീരുകയും ചെയ്തു ഗലാ:(6:17) ൽ കാണുന്നു. **" ഞാൻ യേശുവിന്റെ ചൂടടയാളം**

**ശരീരത്തിൽ വഹിച്ചിരിക്കുന്നു".** എന്ന് ഗലാ:(6:9)ൽ "നന്മ ചെയ്യുന്നതിൽ നാം മടുത്തു പോകരുത്, തളർന്ന് പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും, ആക യാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസി കൾക്കും നന്മചെയ്യുക എന്ന് കാണുന്നു. വചനം വ്യക്തമാക്കുന്ന ഈ ആശയത്തെ അംഗീകരിപ്പാൻ പലരും മടികാണിക്കുന്നു. ഈ അടുത്തസമയത്ത് പലസംസ്ഥാനങ്ങ ളിലും നടന്ന ബഹളങ്ങൾ ഇതിന് ഉദാഹരണമാണ്. വാഹനങ്ങൾ നശിപ്പിക്കുക, പണം തട്ടി എടുക്കുന്ന കവർച്ചകൾ എന്നു വേണ്ട ഉപദ്രവം മാത്രം എല്ലായിടത്തും നടക്കുന്നു. സ്വന്തം ഭാര്യയുടെ ജഡവും ചുമ്മി കിലോമീറ്ററുകളോളം നടന്ന ആലം ബഹീനനായ നിർദ്ധനനോട് എങ്ങനെ ഇപ്രകാരമൊരു ക്രൂരത കാട്ടുവാൻ കഴിയും? അത് മുതലെടുക്കുന്നവരെയല്ല കർത്താവ് കാണുവാൻ ആഗ്രഹിക്കുന്ന ത്. സഹായിക്കുന്നവരെയാണ് കർത്താവിന് കാണേണ്ടത്. സഹായഹസ്തം നീട്ടിയ വരോട് നന്ദി അറിയിക്കുന്നു. അതത്രെ സുവിശേഷം, സുവിശേഷത്തിനായി നില്ക്കുക ഏതു സാഹചര്യത്തിലും മാതൃകാ ജീവിതം നയിച്ച് മറ്റുള്ളവർക്ക് നല്ല ഒരു പാഠ പുസ്തകമാക്കുക.

## <u>പ്രാർത്ഥിക്കാം</u>

പ്രീയ യേശുവേ ! സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിക്കുന്നവ രായി ഞങ്ങളെ തീർക്കേണമേ, ഞങ്ങളുടെ നാവ് ബലഹീനരെ താങ്ങുന്നതും, പ്രവർത്തികൾ ആശ്വാസകരവുമാകുവാൻ സഹായിക്കേണമേ, മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ മടിക്കാതെ സുവിശേഷത്തെ പ്രവർത്തിയിൽ കാട്ടുന്നവരാക്കി ഞങ്ങളെ തീർക്കേണമേ.

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind

-----------------------------------------------